# സെ. വിൻസെന്റ് ഡി പോൾ സൊസൈറ്റി
## കോട്ടയം സെൻട്രൽ കൗൺസിൽ

27/08/2023

പ്രിയ വിൻസെൻഷ്യൻ സഹോദരരേ,

നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ HES / TVTS സ്കോളർഷിപ്പിനും, കോട്ടയം സിസിയിടെ ഓസ്സാനാം സ്കോളർഷിപ്പിനുമുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

1) HES / TVTS **സ്കോളർഷിപ്പ് :** 12-ാം ക്ലാസ്സിൽ 55% ൽ കൂടുതൽ മാർക്ക് ലഭിച്ചു പാസ്സായവരും, 2024-25 വർഷത്തിൽ താഴെ പറയുന്ന ഏതെങ്കിലും കോഴ്സിന് ഏതെങ്കിലും വർഷം പഠിക്കുന്ന സമർത്ഥരും, സാമ്പത്തികമായി പിന്നിട്ടുനിൽക്കുന്നതുമായ വിദ്യാർത്ഥികളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. കോഴ്സ് MBBS, BDS, BAMS, BHMS, BE, B.TECH, BSc Nursing, Technical Diploma Courses, ITI തുടങ്ങിയ തൊഴിലധിഷ്ടിത കോവ്സുകൾ, കോഴ്സിനും, സ്ഥാപനത്തിനും യൂണിവേഴ്സിറ്റി/സർക്കാർ അംഗീകാരം ഉണ്ടായിരിക്കണം.

**സ്കോളർഷിപ്പ് തുക:**

i) HES സ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് NCI ൽനിന്നും 9000 രൂപയും, കോൺഫ്രൻസ് വിഹിതം 1000 രൂപയും ചേർത്ത് 10000 രൂപ.

ii)TVTSസ്കോളർഷിപ്പ് ലഭിക്കുന്നവർക്ക് NCI ൽനിന്നും 5000 രൂപയും, കോൺഫ്രൻസ് വിഹിതം 1000 രൂപയും ചേർത്ത് 6000 രൂപ

**അപേക്ഷിക്കേണ്ട വിധം:** കോൺഫ്രൻസുകൾ, ഇതോടൊപ്പം ചേർത്തിരിക്കുന്ന 2 പേജുള്ള NCI അപേക്ഷാഫോം വിദ്യാർത്ഥിയെകൊണ്ടു പൂരിപ്പിച്ച്, 1 പാസ്സ്പോർട്ട് സൈസ് ഫോട്ടോയും, 12-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും, ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽനിന്നും ലഭിച്ച പഠിക്കുന്ന കോഴ്സിന്റെ ഒരു തെളിവും ചേർത്ത് സെപ്റ്റംബർ 5 നു മുമ്പായി എസിയിൽ എത്തിക്കേണ്ടതാണ്. എസികൾ ലഭിച്ച അപേക്ഷകളിൽനിന്നും ഏറ്റവും അർഹമായ **ഒരു അപേക്ഷ** തെരഞ്ഞെടുത്ത് **സെപ്റ്റംബർ 10 ന് മുമ്പായി** സിസിയുടെ സ്കോളർഷിപ്പ് ചാർജ് ഓഫീസർ Br.Sunil Abraham, Padavupurackal, Keezhoor P O, 686605, Thalayolapparambu എന്ന വിലാസത്തിൽ എത്തിച്ചുകൊടുക്കേണ്ടതാണ്.

**2) ഓസ്സാനാം സ്കോളർഷിപ്പ് :** ഉന്നത വിദ്യാഭ്യാസത്തിന് 4 വർഷത്തെ പ്രൊഫഷണൽ കോഴ്സിനു പഠിക്കുവാൻ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥിക്ക് ആദ്യ വർഷം നൽകുന്ന സ്കോളർഷിപ്പാണ് ഓസ്സാനാം സ്കോളർഷിപ്പ്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥിക്ക് സിസിയിൽനിന്നും 9000 രൂപയും, കോൺഫ്രൻസ് വിഹിതം 1000 രൂപയും ചേർത്ത് 10000 രൂപ നൽകുന്നതാണ്.

**അപേക്ഷിക്കേണ്ടവിധം:** കോൺഫ്രൻസകൾ, വിദ്യാർത്ഥികളിൽനിന്നും NCI സ്കോളർഷിപ്പ് അപേക്ഷതന്നെ പൂരിപ്പിച്ച് 1 പാസ്സ് പോർട്ട് സൈസ് ഫോട്ടോയും, 12-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ ഒരു കോപ്പിയും, ഈ വർഷം അഡ്മിഷൻ ലഭിച്ച സ്ഥാപനത്തിൽനിന്നും അഡ്മിഷൻ ലഭിച്ചതിന്റെ ഒരു തെളിവും ചേർത്ത് **ഒക്ടോബർ 20 ന് മുമ്പായി** എസിയിൽ എത്തിക്കേണ്ടതും, എസികൾ ലഭിച്ച അപേക്ഷകളിൽനിന്നും ഏറ്റവും അർഹമായ **ഒരു അപേക്ഷ** തെരഞ്ഞെടുത്ത് **ഒക്ടോബർ 30 ന്** മുമ്പായി ചാർജ്ജ് ഓഫീസർ Br.Sunil Abraham മിന് എത്തിച്ചു നൽകേണ്ടതുമാണ്.

ഒരുകുട്ടി ഒരു സ്കോളർഷിപ്പിനു മാത്രമേ അപേക്ഷ നൽകാവൂ. എല്ലാവരുടെയും സമയോജിതമായ സഹകരണം പ്രതീക്ഷിക്കുന്നു.

പ്രാർത്ഥനയോടെ

| | |
|---|---|
| **ടോം തോമസ് നന്ദികുന്നേൽ** | **ഡോൺബോസ്ക്കോ പതിയിൽ** |
| (സി.സി.പ്രസിഡന്റ്) | (സി.സി.സെക്രട്ടറി) |